# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## ബെവ്‌കോ ആപ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1083** **14.01.2021-ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.ടി.ജെ. വിനോദ്**

**ഉത്തരം**
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **എ)** | സാങ്കേതിക മികവില്ലാത്ത കമ്പനിക്ക് ബെവ്‌കോ ആപ് നിർമ്മിക്കുന്നതിന് കരാർ നൽകിയത് മൂലം ഉണ്ടായ പിഴവ് കാരണം ബിവറേജസ് കോർപ്പറേഷന്റെ വില്പന വൻതോതിൽ ഇടിയുകയും കോർപ്പറേഷന് വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ; | **എ)** Kerala start Up Mission തിരഞ്ഞെടുത്ത ഫെയർ കോഡ് എന്ന സ്ഥാപനത്തിനാണ് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള കരാർ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നൽകിയത്. ബെവ്ക്യൂ ആപ്പ് വഴി മദ്യ വിൽപ്പന പുനരാരംഭിച്ചതിലൂടെ സംസ്ഥാന സർക്കാറിന് എക്സൈസ് ഡ്യൂട്ടി, വിൽപ്പന നികുതി മുതലായ ഇനങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരുന്ന റവന്യൂ വരുമാനം ലഭ്യമാക്കുന്നതിന് സാധിച്ചു. ബെവ്ക്യൂ ആപ്പ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ 8861 കോടി രൂപയുടെ മദ്യവിൽപ്പന നടത്തുകയുണ്ടായി. ഇക്കാരണത്താൽ കെ.എസ്.ബി.സിയ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. |
| **ബി)** | ആപ്പിലെ അപാകത മൂലം ടോക്കണുകളെല്ലാം ബാറുകളിലേക്കാണ് പോകുന്നതെന്നും നേട്ടം അവർക്കാണെന്നും ബെവ്‌കോ എം.ഡി. സർക്കാരിനെ അറിയിച്ചിരുന്നോ; | **ബി)** ഇല്ല. |
| **സി)** | ആപ്പിന്റെ പേര് ബെവ്ക്യൂ എന്നതിന് പകരം ബാർക്യൂ എന്ന് ആക്കണമെന്നും ഈ അവസ്ഥ തുടർന്നാൽ ബെവ്‌കോ ഔട്ട്‌ലെറ്റുകൾ പൂട്ടേണ്ടി വരുമെന്നും ബെവ്‌കോയിലെ ജീവനക്കാരുടെ സംഘടന മാനേജിംഗ് ഡയറക്ടർക്ക് നിവേദനം നൽകിയിരുന്നോ; | **സി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| **ഡി)** | ആപ്പിലെ അപാകതകൾ പിന്നീട് പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | **ഡി)** | ബെവ്ക്യൂ ആപ്പിൽ കാര്യമായ അപാകതകൾ ഒന്നും ഇല്ലാത്തതിനാൽ ആപ്പിൽ മാറ്റങ്ങൾ വരുത്തേണ്ടതായി വന്നിട്ടില്ല. എന്നാൽ ഉപഭോക്താവ് നൽകുന്ന പിൻകോഡ് അനുസരിച്ച് ആപ്പ് തന്നെ നിശ്ചയിക്കുന്ന വിൽപ്പന ശാലകൾക്ക് ടോക്കൺ നൽകുന്നതു ഒഴിവാക്കി ഉപഭോക്താവിന് ഇഷ്ടമുള്ള വിൽപ്പന ശാല തെരെഞ്ഞെടുക്കുന്നതിനുള്ള ഭേദഗതി ആപ്പിൽ വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**